
little KITEs
പട്ടം
ഗവ . ഹയർ സെക്കന്ററി സ്കൂൾ അരോളി
sutheerth



ഗവ ഹയർസെക്കന്ററി സ്കൂൾ അരോളി

പി ഒ അരോളി

കണ്ണൂർ .670561 .

ph : 04972788404,04972787470
e mail :
ghsaroli@yahoo.in,arolighs@gmail.com,ghssaroli@gmail.com




ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ

കൈറ്റ്ലീഡർ . ആദിത്യൻ കെ    കൈറ്റ്ലീഡർ . അഞ്ജന കെ





# അംഗങ്ങൾ


അഭിജിത്ത് എം കെ


അഭിനവ് എ വി


ആദിത്ത് വി പി


അമൽ കെ


അനുരാഗ്


മുഹമ്മദ് ധാനിഷ്


അർഷ എം


ദിൻഷ പി


ജയന്തൻ ടി


ജിൻസൺ ഡാനി


കാവ്യശ്രീ


നന്ദന എൻ


റാസിൻ കെ


സുതീർത്ഥ്


അമൽരാജ്


റിയ രാജീവൻ



നിവേദ്യ കെ



സാന്ദ്ര കെ



നന്ദന എ വി



വിധുൽരാജ് എ വി



അഞ്ജിത സതീശൻ



അനഘ യു



നസീല എ



ആശ്രയ കെ



ശ്രുതിലയ



ഗോപിക



ഫാത്തിമത്തുൽ സന പി

പ്രിയപ്പെട്ടവരെ

പൊതു വിദ്യാലയത്തിലെ കുട്ടികളുടെ ഐ ടി കൂട്ടായ്മയാണല്ലോ ലിറ്റിൽ കൈറ്റ്സ്.ഈ വിദ്യാലയത്തിലെ ലിറ്റിൽ കൈറ്റ് എന്ന നിലയിൽ വിവരവിനിമയ സാങ്കേതിക വിദ്യയുടെ വിവിധ മേഖലകളിലൂടെ കടന്നുപോകാൻ കഴിഞ്ഞതിൽ ഏറെ സന്തോഷിക്കുന്നു. ഒരു വർഷമായി തുടരുന്ന പരിശീലനകാലയളവിൽ അരോളിഗവൺമെൻറ്ഹയർ സെക്കന്ററി ഹൈസ്കൂളിലെ ലിറ്റിൽ കൈറ്റ്സ് അംഗങ്ങളുടെ ഒരു കൊച്ചു ശ്രമമാണ് ഇ മാസിക. വായന മനുഷ്യമനസ്സിനെ മാലിന്യ മുക്തമാക്കുന്നു.വായനയെ സ്നേഹിക്കുന്നവർക്കായി ഹൈടെക് വായനയുടെ ആകാശത്തിലേക്ക് ഈ കൊച്ചു 'പട്ട'വും പറത്തുന്നു .ഈ ഡിജിറ്റൽ മാഗസിൻ ലിറ്റിൽ കൈറ്റുകളുടെ വിരൽത്തുമ്പിലൂടെ നിങ്ങൾക്ക് മുമ്പിൽസമർപ്പിക്കുന്നു

എഡിറ്റർ

# സന്ദേശം



എൻ പി എഴിൽരാജ്
പ്രിൻസിപ്പാൾ

പ്രിയമുള്ള കുട്ടികളെ

അരോളി ഗവൺമെൻറ് ഹയർ സെക്കൻഡറി സ്കൂൾ ലിറ്റിൽ കൈറ്റ്സ് ക്ലബ്ബ് ഒരു ഇ-മാഗസിൻ പുറത്തിറക്കുന്നത് അറിഞ്ഞതിൽ സന്തോഷമുണ്ട്. ഓരോ കുട്ടികളുടെയും കഴിവുകൾ വളർത്തിയെടുക്കാനും അവരുടെ സർഗപരമായ സൃഷ്ടികൾ പ്രകാശിപ്പിക്കാനുള്ള ഒരു ഇടമായി അത് മാറട്ടെ എന്നാശംസിക്കുന്നു. അതോടൊപ്പം പിന്നിൽ പ്രവർത്തിക്കുന്ന കുട്ടികളെയും അധ്യാപകരെയും അഭിനന്ദിക്കുകയും ചെയ്യുന്നു.

പ്രിൻസിപ്പാൾ
ജിഎച്ച്എസ്എസ് അരോളി.

# സന്ദേശം



## പറന്നുയരട്ടെ....

പൂക്കളോട്ടും പുഴകളോട്ടും ചിരിച്ച്
കാറ്റിനോട്ടും മഴയോട്ടും കിന്നരിച്ച്
വിരൽത്തുമ്പിൽ മഴവില്ല് വിരിയിച്ച്
വിസ്മയ കൊടുമുടിയിലേറുന്നവർ

സാങ്കേതികത്തികവിന്റെ
മാസ്മരിക'പട്ടം'പറത്താൻ
വിരൽത്തുമ്പിലെല്ലാമടക്കി
വിശ്വം മുഴുവൻ പറന്നിടട്ടെ !

ലിറ്റിൽ കൈറ്റ്സിന്റെ
ഡിജിറ്റൽ മാഗസിന്
ആശംസകളോടെ

ഹെഡ്മിസ്ട്രസ്
ഒ.രതി

# സന്ദേശം



ടി അജയൻ
പി ടി എ പ്രസിഡന്റ്

അരോളി ഗവ ഹയർ സെക്കന്ററി സ്കൂൾ ലിറ്റിൽ കൈറ്റ്സ് ക്ലബ് പ്രസിദ്ധീകരിക്കുന്ന ഇ മാഗസിന് എല്ലാ വിധ ആശംസകളും നേരുന്നു.

# സന്ദേശം



**എം. മനോജ് കുമാർ**

സ്റ്റാഫ് സെക്രട്ടറി

<u>ആശംസകൾ</u>

നമ്മുടെ രാജ്യത്തെ കുട്ടികളുടെ ഏറ്റവുംവലിയ ഐ.സി. ടി കൂട്ടായ്മയായി 'ലിറ്റിൽ കൈറ്റ്സ് 'ഇതിനകം വളർന്നുകഴിഞ്ഞിരിക്കുന്നു. അനിമേഷൻ, പ്രോഗ്രാമിങ്, ഗ്രാഫിക് ഡിസൈനിംഗ് തുടങ്ങി വിവിധ മേഖലകളിൽ മികച്ച പരിശീലനം നമ്മുടെ വിദ്യാലയത്തിലെ കുട്ടികൾക്കും 'ലിറ്റിൽ കൈറ്റ്സ് 'വഴി ലഭ്യമാകുന്നു എന്നത് ഏറെ അഭിമാനകരമാണ്.അരോളി ഗവ ഹയർ സെക്കന്ററി സ്കൂൾ 'ലിറ്റിൽ കൈറ്റ്സ് ' ഒരുക്കുന്ന ഓൺലൈൻ പ്രസിദ്ധീകരണത്തിന് സർവ്വ വിജയങ്ങളും ആശംസിക്കുന്നു.

ആശംസകളോടെ,സ്റ്റാഫ് സെക്രട്ടറി
എം.മനോജ് കുമാർ


LITTLE KITES

# ലിറ്റിൽ കൈറ്റ്സ്





കേരളത്തിലെ പൊതുവിദ്യാലയങ്ങൾ ഹൈടെക് സ്കൂളുകളായി മാറിക്കഴിഞ്ഞു. പൊതുവിദ്യാഭ്യാസ സംരക്ഷണത്തിന്റെ ഭാഗമായി വിദ്യാലയങ്ങളിൽ ലിറ്റിൽ കൈറ്റ് ക്ലബ്ബ് രൂപീകരിക്കപ്പെട്ടു കഴിഞ്ഞു. കൈറ്റ് നടപ്പിലാക്കുന്ന ഈ പദ്ധതി രാജ്യത്തെതന്നെ ഏറ്റവും വലിയ ഐടി കൂട്ടായ്മയാണ്.നമ്മുടെ വിദ്യാലയത്തിലും 30 അംഗങ്ങളുള്ള ക്ലബ്ബ് പ്രവർത്തിച്ചുവരുന്നു. വിവരവിനിമയ സാങ്കേതികവിദ്യയുടെ ഉയർച്ചയും വ്യാപ്തിയും വികാസവും ഏറി കൊണ്ടിരിക്കുന്ന ഈ കാലഘട്ടത്തിൽ അരോളി ഗവൺമെൻറ് ഹയർ സെക്കൻഡറി സ്കൂൾ പോലെയുള്ള വിദ്യാലയത്തിന് ലിറ്റിൽ കൈറ്റ്സ് ക്ലബ്ബ് വലിയൊരു അനുഗ്രഹം തന്നെയാണ്. നമ്മുടെ കുട്ടികൾക്കും പരിശീലനകാലയളവിൽ വൈവിധ്യമാർന്ന പരിശീലന പ്രവർത്തനങ്ങളിലൂടെ കടന്നുപോകാനുള്ള അവസരമാണ് ലഭിക്കുന്നത്. സാങ്കേതിക രംഗത്തെ വിവിധ മേഖലകളിലുള്ള അടിസ്ഥാന നൈപുണികൾ പരിചയപ്പെടുന്നതിന് അവസരം നൽകി, ഒരു കുട്ടിക്കും തനിക്ക് യോജിച്ച മേഖലയോട് ആഭിമുഖ്യം ജനിപ്പിക്കുന്ന അതിനുള്ള അവസരം ഒരുക്കുന്നതിനാണ്വിവിധ വിഷയ മേഖലയിലെ പ്രായോഗിക പരിശീലനം പരിശീലന പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. ഗ്രാഫിക്സ് , അനിമേഷൻ,സ്ക്രാച്ച്

പ്രോഗ്രാമിംഗ്, പൈത്തൺ പ്രോഗ്രാമിങ്ങ്, മൊബൈൽ ആപ്പ് നിർമാണം, റോബോട്ടിക്സ്, ഇലക്ട്രോണിക്, ഹാർഡ്‌വെയർ മലയാളം കമ്പ്യൂട്ടിങ്ങും ഡെസ്ക്ടോപ്പ് പബ്ലിഷിങ്ങും പരിശീലനത്തിൽ ഉൾക്കൊള്ളിച്ചിരിക്കുന്നത്. കൂടാതെ മികവ് പുലർത്തുന്നവർക്ക് സബ്ജില്ല ,ജില്ല, സംസ്ഥാന തല ക്യാമ്പുകളിലായി കൂടുതൽ ഉയർന്ന പരിശീലനം ലഭിക്കുന്നതിനും പരിശീലനപദ്ധതി അവസരമൊരുക്കുന്നു. നമ്മുടെ വിദ്യാലയത്തിലെ കുട്ടികൾക്കും പരിശീലനത്തിന് ശേഷം വിവര വിനിമയ സാങ്കേതിക വിദ്യയുടെ നൂതന ലോകത്ത് ശോഭിക്കാൻ കഴിയട്ടെ എന്നാശംസിക്കുന്നു.

ചാരിതാർത്ഥ്യത്തോടെ

ഗിരിജ കെ വി ,വിനയ എംപി ( കൈറ്റ് മിസ്ട്രസ്)

## താളുകളിൽ

മലകളിലെ മഴ......15
ശാസ്ത്രോൽസവം വിജയികൾ......16
വേണ്ടത് തിരിച്ചറിവുകളുടെ ലോകം......17
ദുരിതപ്പെയ്ത്ത്......19
വലിയ സത്യം......22
മറഞ്ഞുപോയവർ (കഥ)......25
ശിശുദിന സ്റ്റാമ്പ് - ചിത്രം......27
സന്ധ്യാ സമയം......28
എന്റെ കർണ്ണാടക ഗോവ യാത്രാനുഭവം......29
കല്ല്......32
ഒരുത്തരം......34
കൈകോർത്ത് കേരളം......36
വിദ്യാലയം......37
നന്ദിയോടെ......38

# മലകളിലെ മഴ

നന്ദന പി  8 A



മൺസൂൺ എത്തി
മദിച്ചു പെയ്യും മനസ്സുമായി
മഴ ചോരുന്നൊരാ
ഓലപ്പുരയിൽ
മൺചട്ടി നിരത്തിയെന്നമ്മ
ആലിംഗനം ചെയ്തു എന്നമ്മ
പാട്ടുപാടി ഉറക്കിയെന്നമ്മ
മൺചട്ടിയിൽ തുളുമ്പുന്ന വെള്ളത്തുള്ളി
മനസിന്റെ മൃദംഗത്തിൽ
താളമായി
കാറ്റു വരുന്നു ജീവൻ എടുക്കാൻ
വംശനാശം നേരിടുവാൻ
കാറ്റു വന്നു സർവ്വവും പോയി
എല്ലാം പോയി ഓരോന്നും
മഴയിൽ പാടുന്ന കുഞ്ഞൻ തവള
പാറിക്കളിക്കുന്ന തുമ്പികൾ
എല്ലാം വന്നു എല്ലാം പോയി
സർവ്വവും പോയി ഓരോന്നും
സർവ്വവും പോയി ഓരോന്നും



## ശാസ്ത്രോൽസവം വിജയികൾ



സുതീർത്ഥ്

ഡിജിറ്റൽ പെയിന്റിംഗ്

എ ഗ്രേഡ് രണ്ടാം സ്ഥാനം

പാപ്പിനിശ്ശേരി സബ് ജില്ല

(ലിറ്റിൽ കൈറ്റ്സ് സബ് ജില്ല

അനിമേഷൻ ക്യാമ്പിൽ നിന്ന്

ജില്ലയിലേക്ക് തെരഞ്ഞടുക്കപ്പെട്ടു )



അമൽരാജ്

മൾട്ടി മീഡിയ പ്രസന്റേഷൻ

എ ഗ്രേഡ് മൂന്നാം സ്ഥാനം

പാപ്പിനിശ്ശേരി സബ് ജില്ല



മുഹമ്മദ് ധാനിഷ്

മാത്സ് ഗെയിംസ്

എ ഗ്രേഡ് മൂന്നാം സ്ഥാനം

പാപ്പിനിശ്ശേരി സബ് ജില്ല

ആദിത്ത് വി പി



SIET യുടെ ശാസ്ത്രജാലകം ക്യാമ്പിൽ ബെസ്റ്റ് ക്യാമ്പർ ആയി തെരഞ്ഞടുക്കപ്പെട്ടു

## വേണ്ടത് തിരിച്ചറിവുകളുടെ ലോകം



എം.മനോജ്കുമാർ

അധ്യാപകൻ

വിവരങ്ങൾ വിരൽത്തുമ്പിൽ ഉള്ള സത്യാനന്തര കാലം ആണ് നമ്മുടേത്. ആർട്ടിഫിഷ്യൽ ഇൻറലിജൻസ് മനുഷ്യ മസ്തിഷ്ക തോട് മത്സരിക്കുക മാത്രമല്ല അതിന് കടുത്ത വെല്ലുവിളി തന്നെ ഉയർത്തുന്നു. കൃത്രിമ ബുദ്ധി അടുത്തകാലത്തുതന്നെ എല്ലാ രംഗങ്ങളിലും വ്യാപ്തിയും വേഗവും കൈവരിക്കും എന്നത് തീർച്ചയാണ്. യാന്ത്രികമായ കാര്യക്ഷമതയും അതിന്റെ അതീത ഭൗതികതയും മനുഷ്യനെ തോൽപ്പിക്കാൻ അവസരം പാർത്തു നിൽക്കുന്നു. കാര്യങ്ങൾ വിശകലനം ചെയ്യാനും തീരുമാനമെടുക്കാനും പ്രവചിപ്പിക്കാനും ഉള്ള പരിശീലനങ്ങൾ പ്രായോഗികം ആവുകയാണ്. ഒന്നിനോടും ഉത്തരവാദിത്വമില്ലാത്ത അൽഗോരിതങ്ങൾ ഭരിക്കാൻ ഇറങ്ങുന്ന .കൃത്രിമ ബുദ്ധിയുടെ വികാസം മനുഷ്യത്വ വിരുദ്ധതയിലെക്കാണോ എന്ന് സ്റ്റീഫൻ ഹോക്കിങ്ങ്സിന് പോലും സംശയിക്കേണ്ടി വന്നു . ഡാറ്റ അടിസ്ഥാന ഘടകമാകുന്നു .ഡാറ്റയുടെ വികാസം നമ്മെ

കീഴ്പ്പെടുത്തുന്നു. ചോദ്യം ചെയ്യപ്പെടാനാവാത്ത വ്യാജ നിർമ്മിതികൾ അരങ്ങുവാഴുന്നു .നിജസ്ഥിതി അറിയാനാവാത്ത ദുരന്ത കാലം സാങ്കേതികവിദ്യാ ഭീമന്മാർ കോളനിവൽക്കരണത്തിനു ഇറങ്ങുന്നു.ലയനങ്ങൾ നടത്തുന്നു. നിയന്ത്രണമില്ലാത്ത സ്വാതന്ത്ര്യത്തിന്റെ ദോഷങ്ങൾ സാങ്കേതികവിദ്യാ വികാസത്തെ തുറിച്ചു നോക്കുന്നു. ഡിജിറ്റൽ വ്യവസ്ഥയുടെ വ്യാപനത്തിലെ അന്തരം അമ്പരപ്പിക്കുന്ന പ്രതിസന്ധികളെ നിർമ്മിക്കുന്നു. എങ്കിലും സാമൂഹിക നന്മ ലക്ഷ്യമാക്കിയുള്ള സ്റ്റാർട്ടപ്പുകൾ ഡാറ്റാ സയൻസും മെക്കാനിക് ലേണിങ്ങ് പോലുള്ള പുത്തൻ മേഘലകൾ ഭാവി തലമുറയുടെ തയ്യാറെടുപ്പുകൾക്ക് പ്രതീക്ഷ പകരുന്ന . വിവേകത്തിന്റെ വീണ്ടെടുപ്പാണ് പരമപ്രധാനം .ഡാറ്റയുടെ മേലുള്ള സാമൂഹിക അവകാശത്തിന് പുതിയ തീരുമാനങ്ങൾ ഉണ്ടാവണം .വേണ്ടത് തിരിച്ചറിവുകളുടെ ലോകമാണ്.

# ദുരിതപ്പെയ്ത്ത്



അക്ഷയ.ടി 10 C

തണുത്ത ആ അന്തരീക്ഷത്തിൽ അളകാപുരിയിലെ മരങ്ങളെ തഴുകിക്കൊണ്ട് ഒരു ഈറൻ കാറ്റ് പശ്ചിമ ദിക്കിലേക്ക് കുതിച്ചു. ആകാശത്തെ വെളുത്ത തുവൽക്കെട്ടുകൾക്ക് പകരം ഇന്ന് കാർമേഘങ്ങൾ നിലയുറപ്പിച്ചിരിക്കുന്നു.

"അച്ചാ ഇന്നല്ലേ കർക്കിടകം തുടങ്ങുന്നെ'"കുട്ടൻ വിളിച്ചു ചോദിച്ചു . ശരിയാണല്ലോ .അച്ഛൻ അപ്പോഴാണ് പ്രകൃതിയുടെ സൗന്ദര്യമാറ്റത്തിന് കാരണം മനസ്സിലാക്കിയത് .ഈശ്വരാ !അയാൾ നെഞ്ചത്ത് കൈവച്ച് കൊണ്ട് തങ്ങളുടെ ഓലപ്പുരയ്ക്ക് നേരെ നോക്കി .തന്നെക്കാൾ ദയനീയമായി ഓലപ്പുര തന്നെ നോക്കുന്നതായി അയാൾക്ക് തോന്നി. അത് ആകെ കോലം കെട്ടിയരിക്കുന്നു. ഓല മാറ്റേണ്ട സമയം കഴിഞ്ഞു. പുതിയ വീട് തങ്ങൾക്കായി ഉയരുകയാണ്.ഇത്രയും കാലത്തിൻറെ സമ്പാദ്യത്തിന് ഫലമായി തങ്ങൾക്ക് വേണ്ടി കെട്ടിപ്പടുക്കുന്ന ഒരു കൊച്ചു വീട്. അതിൻറെ പണി പൂർത്തിയാകാറായതാണ് .ഇനി ഈ ഓലപ്പുര മാറ്റി മേഞ്ഞിട്ടെന്തിനാ .പിന്നീട് അയാൾക്ക് ആശ്വാസം തോന്നി.

കർക്കിടകമാണ് .കർക്കിടവും മഴയും .തൻറെ ഈ എല്ല് പൊന്തിയ കുടിലിന് ഈ മഴയെ അതി ജീവിക്കാനാവുമോ എന്ന് തന്നെ സംശയമാണ്. എന്തായാലും പുതിയ വീടിന് വേണ്ടി തന്നെ ഒരുപാട് പണച്ചെലവുണ്ട്. അതിനിടയിൽകുടുംബച്ചെലവും .പിന്നെ അതിനുമിടയിൽ ഓലപ്പുരയ്ക്ക് വേണ്ടി മുടക്കാൻ തൻറെ കയ്യിൽ മതിയായ പണം മിച്ചം ഇല്ല .എന്തായാലും മഴയിൽ വീടിൻറെ നാശമാണ് ഫലമെങ്കിൽ വല്ല ബന്ധുവീട്ടിലും അഭയം തേടാം.

ഉമ്മറത്തിണ്ണയിൽ ഇത്തരം കാര്യങ്ങൾ ആലോചിച്ച് വ്യാകുലനായിരിക്കുമ്പോഴും പുതിയ വീടിനെ കുറിച്ചുള്ള പ്രതീക്ഷകൾ അയാളുടെ മനസ്സിനെ ശാന്തമാക്കി .ആകാശം വീണ്ടും വീണ്ടും ഇരുണ്ടിരുന്നു വന്നു .പൊടിഞ്ഞുതുടങ്ങിയ മഴ പെയ്തുതുടങ്ങി. വമ്പിച്ച ഇടിഘോഷത്തോടെ അതു മിന്നി തുടങ്ങി. പിന്നെ അത് പേമാരിയായി .മുറ്റത്തു പതിവില്ലാതെ ഇരച്ചുകയറുന്ന വെള്ളം കണ്ട് .അവർക്ക് സംശയമുണ്ടായി എങ്കിലും അത് കാര്യമായി ഗൗനിച്ചില്ല.

അന്തരീക്ഷത്തിലെന്നപോലെ വീട്ടിലും അന്ധകാരം .കെഎസ് ഇബി കാരെ പഴി പറഞ്ഞു കൊണ്ട് ഉമ്മറത്തേക്ക് കയറിവന്ന ഭാര്യയും അളവില്ലുമധികം വെള്ളം മുറ്റത്ത് തുളുമ്പുന്നത് കണ്ട അന്ധാളിച്ചു .ടിവിയുടെ മുന്നിൽ നിന്നും എഴുന്നേറ്റ് അച്ഛനമ്മമാരുടെ അടുത്തേക്ക് ഓടിയെത്തിയ കുട്ടൻ പറഞ്ഞപ്പോഴാണ് അവസ്ഥ അവർക്ക് മനസ്സിലായത് .അമിത മഴയെ തുടർന്ന് ഡാമുകൾ വൻതോതിൽ തുറന്നു വിടുന്നു .നാട്ടും നഗരവും എല്ലാം വെള്ളത്തിനടിയിലാണ്. ടിവിയിൽ മറ്റു ഗ്രാമങ്ങളുടെ എല്ലാം അവസ്ഥ കണ്ടെങ്കിലും തന്റെ നാടിനെ ഇതു ബാധിക്കുമെന്ന് താൻ ഒരിക്കലും പ്രതീക്ഷിച്ചിരുന്നില്ല .എത്ര ഭീകരം! നാലഞ്ചു ഗ്രാമങ്ങളെ അല്ല ,നഗരങ്ങളെ തന്നെ പൊതിഞ്ഞു കൊണ്ടുപോകാൻ കെൽപ്പുള്ള പ്രളയ ജലമാണ് ഒഴുകിയെത്തുന്നത്

.ജലനിരപ്പ് ഉയർന്നു കൊണ്ടിരുന്നു. വ്യാകുലതകളും പ്രാർത്ഥനയും ഭയവും നിറഞ്ഞ നിമിഷങ്ങൾ. മരണത്തെ മുഖാമുഖം കണ്ട നിമിഷങ്ങൾ . ഹെലികോപ്റ്ററുകൾ ,രക്ഷാപ്രവർത്തകർ ,ഹെൽപ് ലൈൻ നമ്പറുകൾ... തങ്ങളുടെ അവസ്ഥയെക്കുറിച്ച് ഇത്രയും മാത്രമേ വ്യക്തമായി ഓർമ്മയുള്ളൂ .

ദുരിതാശ്വാസ ക്യാമ്പിലെ മുറികളിൽ ഇരിക്കുമ്പോൾ ചിന്ത മുഴുവൻ വീടിനെക്കുറിച്ചാണ്. തൻറെ ഓലപ്പുര എന്തായാലും നിർജീവ കണങ്ങളായി അവിടെയുണ്ടാകും. പുതിയ വീട്...തങ്ങളുടെ സ്വപ്നഭവനം...ഓർക്കുമ്പോൾ അയാൾക്ക് നെഞ്ച് പിടയുന്നു. ഒന്നിന്റെയും വ്യക്തമായ ചിത്രം മനസ്സിലില്ല. ആര് രക്ഷിച്ചു? എങ്ങനെ രക്ഷപ്പെട്ടു? ഇനിയെന്ത്? എവിടെ നിന്ന് തുടങ്ങണം ?ഒന്നിനും ഉത്തരം അറിയില്ല കുറേ ചോദ്യങ്ങൾ മാത്രം മുന്നിൽ പത്തിവിടർത്തി നിൽക്കുന്നു. ഒന്നുമാത്രം അറിയാം എല്ലാം നഷ്ടപ്പെട്ടു. സമ്പാദ്യമോ വീടോ വസ്തുങ്ങളോ ഇല്ലാതെ അഗതികളെ പോലെ സ്വന്തം വീട്ടു പരിസരത്തേക്ക് കയറി ചെല്ലേണ്ട അവസ്ഥ. അടുത്ത് കരഞ്ഞു തളർന്നു കിടക്കുന്ന ഭാര്യ. കുട്ടന് എല്ലാം കൗതുക ക്കാകഴ്ചകളായിരുന്നു. അവൻ അച്ഛനെ കെട്ടിപിടിച്ചു ചോദിച്ചു. "അച്ചാ നമുക്ക് വീട്ടിൽ പോവണ്ടേ?"

"പോണം". അച്ഛൻ മറുപടി പറഞ്ഞു.

"അടുത്തമാസം നമുക്ക് പുതിയ വീട്ടിൽ നിൽക്കാലോ വേഗം പോയി പണി തീർക്കണ്ടേ?". അവൻ വീണ്ടും ചോദിച്ചു. അവനെ മാറോടടുക്കി ഒന്ന് നീട്ടിമൂളാനേ അയാൾക്ക് സാധിച്ചുള്ളൂ. മുന്നിൽ വിരിഞ്ഞ ചോദ്യങ്ങൾക്ക് ഉത്തരം കണ്ടെത്താനാവാതെ എന്ത് ചെയ്യണമെന്നറിയാതെ വിഷമിച്ച് നിൽക്കുന്ന അയാളോട്കുട്ടൻ വീണ്ടും വീണ്ടും ചോദ്യങ്ങൾ ആവർത്തിച്ച് കൊണ്ടേയിരുന്നു.

# വലിയ സത്യം

ഫാത്തിമത്തുൽ ഷാനിയ 9B

അമ്മ എന്നത് രണ്ടക്ഷരം കൊണ്ടെഴുതാൻ പറ്റുന്നതാണെങ്കിലും,അതിനർത്ഥം നിരവധിയാണ്.അമ്മ സമാധാനത്തിന്റെയും,ശാന്തിയുടെയും,സ്നേഹത്തിന്റെയും,എല്ലാ നല്ല കാര്യങ്ങളുടെയും പ്രതീകമാണ്.അച്ഛൻ നമ്മുക്ക് ദൈവം തന്ന സമ്മാനമാണെങ്കിൽ അമ്മ നമ്മുക്ക് സമ്മാനമായി വന്ന ദൈവമാണ്.

നാം നമ്മുടെ അമ്മയുടെ ഉദരത്തിലായിരിക്കുമ്പോൾ എത്രയോ അമ്മയെ ചവിട്ടി.എന്നിട്ടും നാം ജനിച്ച് വീണപ്പോൾ അമ്മ നമ്മുടെ പാദങ്ങളിൽ ചുംബിച്ചു.മുലയൂട്ടി നമ്മെ വളർത്തി വലുതാക്കി.അമ്മയുടെ മുലപ്പാലിന്റെ മഹാത്മ്യം നാം മനസ്സിലാക്കണം.അമ്മയുടെ മുലപ്പാൽ നമ്മുടെ ജീവമധുവാണ്.അതിന്റെ മധുരം നമുക്ക് മറക്കാനാകുമോ?എത്രയോ രാവുകളിൽ നാം അമ്മയുടെ ഉറക്കം കെടുത്തി.എന്നിട്ടും നാം ഉറങ്ങാത്ത രാവുകളിൽ അമ്മ നമ്മുക്ക് കൂട്ടിരുന്നു.ഇത്രയും ക്ഷമയും സഹതാപവും നമ്മുടെ മാതാവിന് എവിടെ നിന്നാണ് ലഭിച്ചത്.ഓരോ ചെറു പുലരിയിലും നമ്മെ കുറിച്ചുള്ള കനവ് മാതാവ് നെയ്യുന്നു.കരയുമ്പോൾ നെഞ്ചോടു ചേർത്തുവച്ച് ആശ്വസിപ്പിച്ച ആ പുണ്യം,നമ്മുടെ എല്ലാ ദുഃഖങ്ങളിലും സന്തോഷങ്ങളിലും പങ്കുചേർന്ന ആ അമൂല്യ നിധി,ആദ്യമായി നമ്മെ ലോകം കാണിച്ച തന്ന നമ്മുടെ ഗുരു, എല്ലാം നമ്മുടെ അമ്മയാണ്,ആ സ്നേഹമാണ്.

അമ്മയുടെ മടിത്തട്ട് സ്വർഗീയ പൂന്തട്ടാണ്.ആദ്യത്തെ വിദ്യാലയം അമ്മയുടെ മടിത്തട്ടാണ്.ആ അമ്മയാണ് നമ്മെ വളർത്തി വലുതാക്കി ഇത്രയും ഉയരങ്ങളിലേക്ക് എത്തിച്ചത്.എന്നാൽ,ഇന്നത്തെ മക്കൾ അതേപ്പറ്റി ചിന്തിക്കുന്നില്ല.ചെറുതായിരിക്കുമ്പോൾ അമ്മ എന്റേതു മാത്രമാണെന്ന് വാദിച്ചവർ ഇന്ന് അമ്മ നിന്റേതു കൂടിയാണെന്ന് പറയുന്നു . കൂടാതെ അമ്മയെന്ന അമൂല്യ സ്വത്തിനെ ഒരു ബാധ്യതയായി കണക്കാക്കി വൃദ്ധസദനങ്ങൾക്ക് സമ്മാനിക്കുന്നു.ഓർക്കുക മനുഷ്യരെ,ഇന്ന് സമൂഹം തള്ളിപ്പറയുന്ന ഈ ഐശ്വര്യം ഇതൊക്കെയായിരിന്നു.ആദ്യം നമ്മിലെ ലോകം കാട്ടിത്തന്ന ഗുരു,വീണപ്പോൾ പച്ചില വെച്ച് മുറിവ് മാറ്റിത്തന്ന നാം കണ്ട ആദ്യത്തെ വൈദ്യൻ,പൊട്ടി പോകാറുള്ള നമ്മുടെ കളിപ്പാട്ടങ്ങൾ ശരിയാക്കി തന്ന നാം കണ്ട ആദ്യത്തെ എൻജിനീയർ,ചന്ദ്രനോടും നക്ഷത്രങ്ങളോടും കൂട്ടുകൂടാൻ പഠിപ്പിച്ച തന്ന ആദ്യത്തെ കൂട്ടുകാരി,ഇതെല്ലാം നമ്മുടെ അമ്മയാണ്.

ഇന്നത്തെ ഈ തലമുറ ഒന്ന് പിന്നോട്ട് ചിന്തിച്ചു നോക്കിയാൽ മിഴികൾ നിറഞ്ഞുപോകും.കാരണം അമ്മ എന്നത് ഒരു വലിയ പ്രപഞ്ച സത്യമാണ്.അതു തന്നെയാണ് സത്യം.



# മറഞ്ഞുപോയവർ (കഥ)



സിന്ധു പി കെ

അധ്യാപിക

'ഒരു കഥ എഴുതി തരാമോ
മാഗസിനിൽ ചേർക്കാനാണ്'
എന്തോ കഥയെഴുതി എങ്ങനെയോ
സമ്മാനംനേടിയ ഞാൻ
എഴുതുന്ന കഥകളിൽ അവർ
എന്തൊക്കെയോ മികവ് ആഗ്രഹിക്കുന്നുണ്ട്
കഥ എഴുതാനുള്ള 'വേദന' എങ്ങനെ
യെഴുതാനാണ്
എന്താണെഴുതേണ്ടത്
എന്തിനെ കുറിച്ചാണെഴുതേണ്ടത്
കഥയെഴുതാൻ മറന്നുപോയിഎന്നു
പറഞ്ഞാൽ അഹങ്കാരമാകുമോ
ഒന്നും മനസ്സിൽ വരുന്നില്ല
എന്നു പറഞ്ഞാലോ
എന്താണു ചെയ്യേണ്ടത്
കഥ നൽകണമോ
കഥയില്ലെന്ന് പറയണോ?
കഥയില്ലാതെ  കഥയില്ലാത്തഞാൻ

പേനയുമായി കഥ കഴിക്കാനായിരുന്നു
പാടുപെട്ട് പേനയും
അക്ഷരങ്ങൾ ഓരോന്നായി വെന്തു
തുടങ്ങുന്നു. പാകം വരുമ്പോൾ
എടുത്തുപയോഗിക്കണം പേനത്തുമ്പിലേക്ക്
ഇറ്റുവീഴുന്ന അക്ഷരങ്ങൾ
ക്കായി കാത്തു
സ്വപ്നങ്ങൾ പറന്നു തുടങ്ങി പക്ഷെ
അവ ആകാശത്തു ചിറകുകൾ
തളർന്നു പിടഞ്ഞു
കരിഞ്ഞ മണം ഉയർന്നു തുടങ്ങി
പുക വന്നു മൂടുന്നു കൺമുന്നിൽ
എല്ലാം മറയുകയാണ്
ആകാശത്ത് ചിരിച്ചു മറ
യുന്ന അക്ഷരങ്ങളുടെ ആത്മാവുകൾ
തിരികെയെത്താൻ അടുത്ത വാവു
വരെ കാത്തിരിക്കണോ.....
എന്റെ കാഴ്ചയെ നിഷപ്രഭ
മാക്കിയ പുകക്കുള്ളിൽ
ഞാനിന്നും തിരയുകയാണ് കഥയെ
ഴുതാനുള്ള അക്ഷരങ്ങളെ...

## ശിശുദിന സ്റ്റാമ്പ് - ചിത്രം



സുതീർത്ഥ്



# സന്ധ്യാ സമയം



ജ്യോതിസ് കൃഷ്ണ
6c

സന്ധ്യാസമയമായ്,രാത്രിയിങ്ങെത്താറായി
കിളികളെല്ലാവരും കൂടണഞ്ഞു.
ഇലതൻ ഉടുപ്പിട്ട് മണ്ണിൽ അമർന്നുള്ള
മരങ്ങളെല്ലാമെല്ലാം ചാഞ്ഞുനിന്നു
കൂടണയാനുള്ള കിളികളെല്ലാവരും
വേഗത്തിൽ തിരികെ പറന്നീടുന്നു
കുഞ്ഞുങ്ങൾക്ക് തീറ്റയായി പക്ഷികൾ
വേഗത്തിൽ തിരികെ പരന്നീടുന്നു
സന്ധ്യാ സമയമേ,സിന്ദൂരം ചൂടിനീ
എന്നും സുമംഗലിയായിടട്ടേ

# എന്റെ കർണ്ണാടക ഗോവ യാത്രാനുഭവം



അഭിന.ഇ
8c

ഞാൻ 12-1-2018 ന് എന്റെ അച്ചന്റെ ഓഫീസിലെ ദിശ'(district industries staff association kannur) അസോസിയേഷന്റെവക കർണ്ണാടക, ഗോവ
എന്നിവിടങ്ങളിൽപോയിരുന്നു.ആദ്യംവേണ്ടെന്ന്തീരുമാനിച്ചു.പിന്നീട്പെട്ടെന്നായിരുന്നുതീരുമാനംമാറിയത്.ഞാൻവളരെ സന്തോഷത്തിലായിരുന്നു. ബസ്സിലായിരുന്നു യാത്ര.12 ന് വെള്ളിയാഴ്ച്ച വൈകീട്ട് ഏഴുമണിയോടെ ബസ്സ് കീച്ചേരി എത്തിച്ചേർന്നു.ബസ്സിൽ തന്നെ അന്നരാത്രി ഉറങ്ങാൻ തീരുമാനിച്ചു.അതുകൊണ്ട് എ.സി.യുള്ള ബസ്സ തന്നെയാണ്തിരഞ്ഞെടുത്തത് .ഞാനും അച്ചനും അമ്മയും അനുജത്തിയും കൂടാതെ ദിശയുടെ മറ്റു അംഗങ്ങളും അവരുടെ കുടുംബങ്ങളുമാണ്ഉണ്ടായിരുന്നത് .ഞങ്ങൾ ബസ്സിൽ കയറിയ ഉടനെ തന്നെ ഒരു
പാർട്ടിസിപ്പന്റ് കാർഡ് കഴുത്തിലണിയാൻ പറ്റുന്ന വിധത്തിൽതയ്യാറാക്കി തന്നിരുന്നു.അതിൽ യാത്ര ചെയ്യാൻ പോകുന്ന സ്ഥലവും തിയ്യതിയും മറ്റും രേഖപ്പെടുത്തിയിരുന്നു.53 ദിശ അംഗങ്ങൾ യാത്രയിൽ പങ്കെടുത്തിരുന്നു.ഞങ്ങൾ ആദ്യത്തെ രാത്രി മൈക്കിന്റെ സഹായത്തോടെ പരസ്പരം പരിചയപ്പെടുത്തി.അതു കഴിഞ്ഞ്കുറച്ചു സമയം കഴിഞ്ഞ് ലൈറ്റൊക്കെ ഓഫായി എന്നാൽ പകരം
ലേസർ ലൈറ്റുകൾ തെളിഞ്ഞു.പിന്നാലെ തന്നെ പാട്ടും എത്തി.ഉടനെ തന്നെ വേറെചില ആൾക്കാരുടെ ഡാൻസും.അതൊക്കെ കഴിഞ്ഞപ്പോഴേക്ക് സമയം

രാത്രി 1:30 ആയിരുന്നു.ഞങ്ങൾ ഉറങ്ങാൻ ആരംഭിച്ചു.പിന്നീട് രാവിലെ 5:20 ആകുമ്പോഴേക്കും ഞങ്ങൾ കർണ്ണാടകയിലെ ശൃംഗേരിയിൽ എത്തി.അവിടെ ഒരു ലോഡ്ജിൽ റൂമെടുത്തു.പുരുഷൻമാർക്കും സ്ത്രീകൾക്കുംവെവ്വേറെ രണ്ടു വലിയ റൂമാണ് എടുത്തത് .ഞങ്ങൾക്ക് പക്ഷെ അവിടം തൃപ്തികരമായിരുന്നില്ല.അവിടുന്ന് ഞങ്ങൾ പ്രഭാതകർമ്മങ്ങൾ ചെയ്ത് കുളിച്ച് ശൃംഗേരി ക്ഷേത്രത്തിലേക്ക് പോയി.വലിയ അമ്പലമായിരുന്നു അത് .എനിക്ക് വളരെ ഇഷ്ട്ടപെട്ടു.അവിടെ ഒരു വലിയ ഹാളിൽ ശങ്കരാചാര്യരുടെ ജീവിതത്തിലെസന്ദർഭങ്ങൾ ചിത്ര സഹിതം രേഖപ്പെടുത്തിയിട്ടുണ്ടായിരുന്നു.കുളത്തിനു പകരം തുംഗഭദ്രനദി ആവേശത്തോടെ ഒഴുകുന്നുണ്ടായിരുന്നു.അതിലാണെങ്കിൽ ചെറുതും വലുതുമായ മത്സ്യങ്ങൾ നിറഞ്ഞു നില്ക്കുന്നു.എവിടെ നോക്കിയാലും മത്സ്യങ്ങളാണ് അവിടെ ചില ആളുകൾ മത്സ്യങ്ങൾക്ക് പൊരി വിതറിക്കൊടുക്കുന്നുണ്ടായിരുന്നു. എന്നാൽ ഉയരംകൂടിയ പടികൾ കയറി വേണം അവിടെയെത്താൻ.ഞങ്ങൾ പടികളിൽ നിരന്നിരുന്ന് ഗ്രൂപ്പ് ഫോട്ടോയെടുത്തു. അതിനു ശേഷം തിരിച്ച് ലോഡ്ജിലേക്ക് വന്നു.അപ്പോൾ ക്ഷേത്രത്തിനു മുന്നിൽ മുല്ലപ്പൂമാലകൾ വിൽക്കുന്നുണ്ടായിരുന്നുഞാൻ അതു വാങ്ങി തലയിൽചൂടി.പിന്നെലോഡ്ജിൽഎത്തുമ്പോഴേക്കുംപ്രഭാതഭക്ഷണംതയ്യാറായിരുന്നു.ഞങ്ങളുടെ കൂടെ വന്ന ആൾക്കാർ തന്നെ സാധനങ്ങളെല്ലാം കൊണ്ടുവന്ന് ലോഡ്ജിൽ നിന്ന് പാകം ചെയ്യുകയാണുണ്ടായത് .പിന്നീട്ഞങ്ങളുടെ ലഗേജെല്ലാം ബസ്സിൽ വച്ചു .ലയൺ സഫാരി പാർക്കിലേക്ക് യാത്ര തിരിച്ചു ഏറെ നേരത്തെ യാത്ര എന്നാൽ പലതരം കളികൾ കൊണ്ട് ഞങ്ങൾസമയം തള്ളി നീക്കി.നാലു സെക്കൻറ് കൊണ്ട്ബലൂൺവീർപ്പിച്ചുംഅന്താക്ഷരികളിച്ചും സമയം പോയതറിഞ്ഞില്ല.ഉച്ചയോടെ ഞങ്ങൾ അവിടെയെത്തി .എന്നിട്ട് ഭക്ഷണം കഴിച്ചു പിന്നീട് സുരക്ഷിതമായവാഹനത്തിൽ അവിടെയുള്ള മൃഗങ്ങളുടെ അടുത്തേക്ക്ചെന്നു.ഞാനും അവന്തികയെന്ന കുട്ടിയും വണ്ടിയുടെ മുൻ സീറ്റിൽപോയി ഇരുന്നു .അവിടെ പലതരം മാനുകൾ,സിംഹങ്ങൾ,കടുവകൾ ഒരുപാട് ജീവികളുണ്ടായിരുന്നു .കാടിനുള്ളിലെ യാത്രയിൽ സമയം പോയതറിഞ്ഞില്ല .പിന്നീട് ഞങ്ങൾ യാത്ര തിരിച്ചു.രാത്രി 8:15 . അവിടെയടുത്തുള്ള tip top anmol എന്ന വലിയ ഒരു ഹോട്ടലിനുമുന്നിൽ

എത്തി.ആ ഹോട്ടലിൽ പുറത്ത് പൂന്തോട്ടവും ലൈറ്റ് സെറ്റിങ്ങ്സും. ഉള്ളിൽ വലിയ ഹാളൊക്കെയുണ്ടായിരുന്നു.എല്ലാവരും അവരവരുടെ മുറികളിൽ പോയി കുളിച്ചുമാറ്റി തിരിച്ച് ഹാളിലേക്ക് വന്നു .അവിടെ നിന്നുംഭക്ഷണം കഴിച്ചു. പിന്നീട് എല്ലാവരും ഉറങ്ങാൻ പോയി.പിറ്റെദിവസം രാവിലെ എഴുന്നേറ്റ് കുളിച്ച് ഭക്ഷണമൊക്കെ കഴിച്ച്ലഗേജെല്ലാം ബസ്സിൽ കയറ്റി മുരുടേശ്വരം ലക്ഷ്യമിട്ട് പുറപ്പെട്ടു.11:00 മണിയാകുമ്പോഴേക്കും അവിടെയെത്തി.ബസ്സ് ദൂരെയാണ് നിർത്തിയത് .അതുകൊണ്ട് കുറേ നടക്കാനുണ്ടായിരുന്നുഎല്ലാവരും അമ്പലം കണ്ടിട്ട് തിരികെ വന്നു .എന്നിട്ട് ഞങ്ങൾ ഗോവയിലേക്ക് പുറപ്പെട്ടു .കർണ്ണാടക -ഗോവ ബോർഡർ കഴിഞ്ഞു .ഗോവയിലെ ആദ്യത്തെ പെട്രോൾ പമ്പിൽ നിർത്തി. അതിനടുത്തുന്ന് ഞങ്ങളെല്ലാവരും അത്താഴം കഴിച്ചു എന്നിട്ട് ഒരു ഹോട്ടലിലേക്ക് പോയി. എല്ലാവർക്കും ഓരോ മുറി കിട്ടി എല്ലാവരും പോയി ഉറങ്ങി.പിറ്റേന്ന് രാവിലെ എല്ലാവരും എഴുന്നേറ്റ്റെഡിയായി ബസ്സിൽ കയറി.ഞങ്ങൾ പുഴക്കരയിലേക്കാണ്പോയത് .അവിടെനിന്നും ഉൾക്കടലിലേക്ക് ഡോൾഫിനെ കാണാൻ ബോട്ടിൽ പോയി .എന്നിട്ട് തിരിച്ചുവന്നു.അപ്പോഴാണ്ചില ചേട്ടൻമാർ കൈക്ക് പച്ചക്കത്തിയതു പോലെയുള്ള സാധനംആക്കിയിട്ട് വരുന്നത് കണ്ടത് .ഞാൻ അതിനായിവാശിപിടിച്ചു .പക്ഷെ എനിക്കതുവാങ്ങി തന്നില്ല.അങ്ങനെ ഞങ്ങൾവീട്ടിലേക്ക് യാത്ര തിരിച്ചു.പോകുമ്പോൾ എല്ലാവരും നിർത്താതെ ഡാൻസ് കളിച്ചു.രാവിലെ 9:30 നാണ് ഞങ്ങൾ വീട്ടിലെത്തിയത്ഞാൻ ഇതുവരെ പോയ യാത്രകളിൽ വച്ച് ഏറ്റവും വ്യത്യസ്തമായതും ഏറ്റവും ഇഷ്ടപെട്ടതുമിതാണ് .ഇനി എല്ലാവർഷവും ദിശ സംഘടിപ്പിക്കുന്ന യാത്രകളിൽ പങ്കെടുക്കുമെന്ന് ഞാൻ മനസ്സിൽ കുറിച്ചു.

# കല്ല്



എം.ഗിരിജ
അധ്യാപിക

കല്ല് അതാണത്രെ എന്റെ പേര്
ജനനം അതെവിടെയാണെന്നറിയില്ല
മരണം അതെപ്പോഴേ സംഭവിച്ചുപോയ്
എങ്കിലും ഇന്നും മരിക്കാതെ ജീവിക്കുന്നുണ്ടെന്റെ ആത്മാവ്
എവിടെയോഎൻ കൂട്ടുകാരോടോപ്പം
ജീവിച്ചു ഞാൻ സന്തോഷവാനായ്
കളിചിരികളും കൊച്ചു പിണക്കങ്ങളുമായ്
എത്രയോ കാലം കടന്നുപോയ്
ഒരുനാൾ വന്നെത്തിയ രാക്ഷസകൈകൾ
പിടികൂടി അടർത്തിയെടുത്തവൻ
അമ്മതൻ മാറത്തുനിന്നെന്നെ
പിന്നെ എനിക്കൊന്നുമോർമ്മയില്ല
ഇന്നിതാ വന്നു കിടക്കുന്നീ പൊരിവെയിലത്ത്
പുതിയൊരു വീടിന്റെ പണിത്തിരക്കിലാണവർ

ഇടയ്ക്കു നോക്കുന്നുണ്ടെന്നെ പേടിപ്പിക്കും മാതിരി

ഇവിടെ എനിക്കുള്ള പണിയെന്താണ്

ആലോചിച്ചു നോക്കി ഞാൻ ഭയത്തോടെ

ഒരാൾ വന്നെന്നെ പൊക്കിയെടുത്തു

സ്നേഹത്തോടെ ചുമലിലേറ്റി

എങ്ങോട്ടാണീ യാത്ര !പേടിയെനിക്കുണ്ട്

എന്നാലും ഈ ചുമലെനിക്കൊരു താങ്ങാവുമോ

പെട്ടെന്നു താഴേക്കു പതിച്ചു ഞാൻ

ഇവർ മനുഷ്യർ ഇത്രയും ക്രൂരരോ

മൂർച്ചയേറും കത്തിയാൽ ചെത്തി മിനുക്കി

വേദന കടിച്ചമർത്തി ഞാൻ തളർന്നുപോയി

പുകയുന്ന ശരീരവുമായി വീണ്ടും ചലിച്ചു ഞാൻ

കെട്ടുറപ്പുള്ള ചുമരാകാൻ വിധിയുമായ്

സിമന്റും വെള്ളവും എൻ കൂട്ടരായപ്പോൾ

കരിങ്കല്ലുപോലെ എൻ മനസ്സും ഉറച്ചുപോയി

# ഒരുത്തരം



നിത്യ എം 10 A

പൊട്ടിക്കരഞ്ഞു നിർവൃതി കൊണ്ടീടും
മഴമേഘമിന്നിതാ ഇതിലേ നീങ്ങി
ആയിരം തുള്ളിയായ്ഒഴുകിപ്പരന്നവ
ഇന്നെന്റെ സോദരെ മൃതിയിലാഴ്ത്തി
ആർത്തുചിരിച്ചു പോയ്മറഞ്ഞീടുന്നവ
ഇന്നലെ കണ്ണുനീർധാരയേകി
ഉററവർ ഉടയവർ എല്ലാം മറഞ്ഞവർ
അഭയകേന്ദ്രങ്ങളിൽ ബാക്കിയായി
നെയ്തു കൂട്ടീടുന്നവ കൺമുന്നിൽമാഞ്ഞുപോയി
കാത്തുവച്ചീടുന്നവ പേമാരി കൊണ്ടുപോയി
ഇനിയെന്തീ മണ്ണിൽ ദൈവത്തിൻ സ്വന്തമായി

എന്തിനീ ഭൂമിയിൽ ആർത്തു പെയ്തു നീ

എന്തിനീ മണ്ണിൻ മനം തകർത്തു

പ്രളയമേകിയ മഴമേഘമേ

ഇന്നെങ്ങു പോയി മറഞ്ഞീടുന്നു

പെയ്തൊഴിഞ്ഞ  മഴ മേഘമേ

ഇനിയെന്തെന്നുള്ളൊരുത്തരം തരൂ

വരും വർഷമെന്തെന്നൊരുത്തരം തരൂ

# കൈകോർത്ത് കേരളം



ജ്യോതിസ്കൃഷ്ണ 6 C

മാബലി  മന്നൻ ഭരിച്ച കാലം

മാനുഷരെല്ലാരുമൊന്നുപോലെ

വർഷങ്ങൾക്കിപ്പുറം വീണ്ടുമിതാ

മാനുഷരെല്ലാരുമൊന്നുപോലെ

പ്രളയത്തിൽ മുങ്ങിയ കേരളത്തെ

വീണ്ടെടുക്കാനായി കൈകൾകോർത്ത്

ജാതി മത വർണ ഭേദമന്യേ

ഏവർക്കും പ്രളയത്തിൽ കൈത്താങ്ങായി

ഒരു ജാതിയൊരു മതമൊരു ദൈവമെന്നുള്ള

ഗുരു വചനങ്ങൾ സാർത്ഥകമായ്

ഒത്തുചേർന്നുള്ളൊരു കേരളമെന്നെന്നും

# വിദ്യാലയം



ഗോപിക 9 c

അറിവിന്റെപവിഴങ്ങൾതേടിയലയുമീ

വഴിപോക്കയാമൊരു ബാലിക ഞാൻ

അറിയാതെ വന്നിങ്ങു നിന്നിതാഞാനീ

വിദ്യ വിളങ്ങുമീപൂമലർവാടിയിൽ

അറിവിന്റെ മധുരങ്ങൾ ചാലിച്ച ളുകിയ

പല്ലവി മൂളിയെൻ കാതിലാരോ..

അറിവിന്റെമുത്തുകൾ വാരിക്കളിച്ച ഞാൻ

അഴകായി മാലകൾ കോർത്തുകളിച്ച

ഗുരുമുഖംകണ്ടൊരു വേളയിലുള്ളിലായി

സ്നേഹഭാവങ്ങൾ തിരി തെളിഞ്ഞു

ഗുരുവരനറിവിന്റെ വീഥി തുറക്കുമ്പോൾ

കാണുന്നു ഞാനോരു മായികലോകവും

സ്നേഹത്തിൻ ബാല്യമാം പാഠം പഠിച്ച ഞാൻ

നന്മതൻ മലരായി മാറി മെല്ലെ.

## നന്ദിയോടെ

ഈ  ഇ മാസിക യാഥാർത്ഥ്യമാക്കാൻ സഹായിച്ച എല്ലാ ലിറ്റിൽ കൈറ്റ് അംഗങ്ങൾക്കും നേതൃത്വം നൽകിയ ഗിരിജ ടീച്ചർക്കും വിനയ ടീച്ചർക്കും ഉപദേശങ്ങളും സഹായങ്ങളും തന്ന അധ്യാപകർക്കും കൂട്ടുകാർക്കും ഒരായിരം നന്ദി.

എഡിറ്റർ

മാഗസിന്റെ പിന്നിൽ

വര കവർപേജ്



സുതീർത്ഥ്

ടൈപ്പിംഗ്



അമൽരാജ്



അഞ്ജന



അഭിജിത്ത്



മുഹമ്മദ് ധാനിഷ്



ആദിത്ത്